**പതിനാലാം കേരള നിയമ സഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം** നമ്പർ. 241     28.10.2019 **-ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഹെമറ്റോളജി കേന്ദ്രം**

**ചോദ്യം**

**ശ്രീ.എ. പ്രദീപ്കമാർ**

കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഹെമറ്റോളജി കേന്ദ്രം തുടങ്ങുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചത് എന്ന് വിശദമാക്കുമോ?

**മറുപടി**

**ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പമന്ത്രി)**

കോഴിക്കോട് മെഡിക്കൽ കോളേജിൽ നിലവിലുള്ള ഹെമറ്റോളജി യൂണിറ്റിൽ ബ്ലഡ് കാൻസർ , ഹീമോഫീലിയ , തലാസീമിയ ,ക്രോണിക് ITP ,മറ്റ അനുബന്ധ അസുഖങ്ങൾ എന്നിവയ്ക്ക് ചികിത്സ നൽകി വരുന്നു. കുട്ടികളുടെ വാർഡിൽ 42 ഉം ഐ.സി.യു- വിൽ പത്തും കിടക്കകൾ ടി ചികിത്സകൾക്കായി നിലവിലുണ്ട്. കൂടാതെ ടെർഷ്യറി കാൻസർ സെന്റർ ഒ.പി ചികിത്സയും കീമോ OPD യും നടത്തി വരുന്നു. സർജിക്കൽ , മെഡിക്കൽ , ഓർത്തോ , ഗൈനക്കോളജി വിഭാഗങ്ങളിൽ കൺസൽറ്റേഷനും ടി യൂണിറ്റ് നൽകി വരുന്നു. ഹെമറ്റോളജി കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയിലാണ്.

**സെക്ഷൻ ഓഫീസർ**